REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-06-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഏഴാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൽ 62.36 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ.
- ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ചൊവ്വാഴ്ച രാവിലെ എട്ടിന് ആരംഭിക്കും.
- സംസ്ഥാനത്ത് പലയിടത്തും ശക്തമായ മഴ തുടരുന്നു. വയനാട്, ഇടുക്കി, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
- മധ്യവേനലവധിക്കു ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും.
- ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പ് സന്നാഹ മത്സരത്തിൽ ഇന്ത്യയ്ക്ക് വിജയം.

## വാർത്തകൾ വിശദമായി

ഏഴാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇന്നലെ 62.36 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഏഴ് സംസ്ഥാനങ്ങളിലും ഒരു കേന്ദ്ര ഭരണ പ്രദേശത്തുമായി 57 മണ്ഡലങ്ങളിലായിരുന്നു വോട്ടെടുപ്പ്. ഉത്തർ പ്രദേശിലും പഞ്ചാബിലും 13 വീതം സീറ്റുകളിലും പശ്ചിമ ബംഗാളിൽ ഒൻപതും ബീഹാറിൽ എട്ടും

ഒഡീഷയിൽ ആറും ഹിമാചൽ പ്രദേശിൽ നാലും ജാർഖണ്ഡിൽ മൂന്നും സീറ്റുകളിലും കേന്ദ്ര - ഭരണ പ്രദേശമായ ചണ്ഡീഗഡിൽ ഒരു സീറ്റിലുമായിരുന്നു വോട്ടെടുപ്പ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ........

...........വോയ്സ്..........

മുൻഘട്ടങ്ങളിലെ പോലെ പശ്ചിമ ബംഗാളിലാണ് ഏറ്റവും ഉയർന്ന പോളിംഗ് ഈ ഘട്ടത്തിലും ഉണ്ടായത് - 73.79 ശതമാനം. ഒഡീഷയിൽ - 70.67, ജാർഖണ്ഡിൽ - 70.66, ഹിമാചൽ പ്രദേശിൽ - 70.05, ചണ്ഡീഗഡിൽ - 67.9, പഞ്ചാബിൽ - 61.32, ഉത്തർപ്രദേശിൽ- 55.59, ബീഹാറിൽ - 51.92, എന്നിങ്ങനെയാണ് വോട്ടിംഗ് ശതമാനം.

പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്രമോദി പാർട്ടി നേതാക്കളായ അനുരാഗ് സിംഗ് ഠാക്കൂർ, ജയശങ്കർ പ്രസാദ്, കങ്കണ റണോത്ത്, കോൺഗ്രസ് നേതാക്കളായ മനീഷ് തീവാരി, വിക്രമാദിത്യ സിംഗ്, RJD നേതാവ് മിസാ ഭാരതി, തൃണമൂൽ കോൺഗ്രസ് നേതാവ് അഭിഷേക് ബാനർജി തുടങ്ങിയവർ ഏഴാം ഘട്ടത്തിൽ ജനവിധി തേടിയവരാണ്.

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഏപ്രിൽ 19-ന് ആരംഭിച്ച വോട്ടെടുപ്പ് പ്രക്രിയ ഇതോടെ പൂർത്തിയായി. ഏഴ് ഘട്ടങ്ങളും തികച്ചും സമാധാനപരവും പ്രശ്നരഹിതവുമായിരുന്നുവെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചു. കർശന സുരക്ഷാ

സംവിധാനങ്ങൾ ഏർപ്പെടുത്തിയത് വഴി വോട്ടർമാർക്ക് ബാഹ്യ സ്വാധീനമില്ലാതെ വോട്ട് ചെയ്യാൻ സാഹചര്യമൊരുക്കിയെന്ന് കമ്മീഷൻ വിലയിരുത്തി.

ഏഴാം ഘട്ടത്തിലെ വോട്ടെടുപ്പ് പൂർത്തിയായതോടെ വിവിധ വാർത്താ ചാനലുകൾ എക്സിറ്റ് പോൾ ഫലങ്ങൾ പുറത്തുവിട്ടു.

⭐⭐⭐

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ചൊവ്വാഴ്ച രാവിലെ എട്ടിന് ആരംഭിക്കും. 543 മണ്ഡലങ്ങളിലെയും കൃത്യമായ ഫലസൂചനകൾ ഉച്ചയോടെ ലഭ്യമാകും. ഇതോടൊപ്പം ആന്ധ്രാപ്രദേശ്, ഒഡീഷ നിയമസഭാ തെരഞ്ഞെടുപ്പിന്റെയും മറ്റ് സംസ്ഥാനങ്ങളിലെ ഉപതെരഞ്ഞെടുപ്പിന്റെയും വോട്ടണ്ണൽ നടക്കും.

എന്നാൽ, നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന സിക്കിമിലെയും അരുണാചൽ പ്രദേശിലെയും വോട്ടെണ്ണൽ ഇന്ന് രാവിലെ ആറ് മണിക്ക് തുടങ്ങി. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറും കമ്മീഷൻ അംഗങ്ങളും വോട്ടെണ്ണലിന്റെ ഒരുക്കങ്ങൾ വിലയിരുത്തി.

വോട്ടെണ്ണലുമായി ബന്ധപ്പെട്ട അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ കേന്ദ്ര സേനയെ കമ്മീഷൻ നിയോഗിച്ചിട്ടുണ്ട്. ആന്ധ്രപ്രദേശിലും പശ്ചിമ ബംഗാളിലും സുരക്ഷാ സേന വോട്ടെണ്ണലിനു ശേഷം 15 ദിവസം കൂടി സംസ്ഥാനങ്ങളിൽ തുടരും. ഉത്തർപ്രദേശ്, ഒഡീഷ, സിക്കിം, അരുണാചൽ

പ്രദേശ്, എന്നിവിടങ്ങളിൽ വ്യാഴാഴ്ച വരെ സുരക്ഷാ സേനയുടെ സാന്നിധ്യം ഉണ്ടായിരിക്കും.

⭘⭘⭘

തെരഞ്ഞെടുപ്പ് പ്രക്രിയ സുഗമവും നീതിയുക്തവുമായി പൂർത്തീകരിച്ച കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനെ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രശംസിച്ചു. ഇന്ത്യൻ ജനാധിപത്യത്തിന്റെ മൂല്യം നിലനിർത്തുന്നതിൽ കമ്മീഷന്റെ സമർപ്പണവും കൃത്യമായ ആസൂത്രണവും നിർണായകമായി. സുരക്ഷാ ബോധത്തോടെയും ആത്മവിശ്വാസത്തോടെയും വോട്ട് രേഖപ്പെടുത്താൻ കമ്മീഷൻ ജനങ്ങൾക്ക് അവസരമൊരുക്കിയെന്നും അദ്ദേഹം സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. തിരഞ്ഞെടുപ്പിലുടനീളം പങ്കാളികളായ സുരക്ഷാസേനയ്ക്കും പ്രധാനമന്ത്രി നന്ദി അറിയിച്ചു.

⭘⭘⭘

അവസരവാദികളായ ഇൻഡി സഖ്യത്തിന് വോട്ടർമാരിൽ ഒരു സ്വാധീനവും ചെലുത്താൻ കഴിഞ്ഞില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. ജാതീയതയും വർഗ്ഗീയതയും അഴിമതിയുമാണ് അവരുടെ മുഖമുദ്രയെന്നും പ്രധാനമന്ത്രി വിലയിരുത്തി. ഒരു കൂട്ടം അധിപതികളെ മാത്രം സംരക്ഷിക്കാൻ ലക്ഷ്യമിടുന്ന ഇൻഡി സഖ്യത്തിന് രാജ്യത്തിന് ആവശ്യമായ ഭാവി കാഴ്ചപ്പാടുകൾ മുന്നോട്ട് വെക്കാനായില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. അവരുടെ പിന്തിരിപ്പൻ രാഷ്ട്രീയം ജനങ്ങൾ തള്ളിക്കളഞ്ഞെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഉത്തരേന്ത്യയിലെ ഉഷ്ണതരംഗ സാഹചര്യം ജനജീവിതം ദുസ്സഹമാക്കിയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ഉഷ്ണതരംഗത്തിൽ നിരവധി പേർ മരിച്ചതിൽ രാഷ്ട്രപതി ദുഃഖം അറിയിച്ചു. ദുരിത ഘട്ടത്തിലെ സമയോചിത പുനരധിവാസ പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥരെയും പൊതുസമൂഹത്തെയും രാഷ്ട്രപതി അനുമോദിച്ചു.

ഉഷ്ണതരംഗത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കണമെന്നും കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിസ്ഥാന കാരണങ്ങളെ അഭിമുഖീകരിക്കാൻ നടപടികൾ ആവിഷ്ക്കരിക്കണമെന്നും രാഷ്ട്രപതി നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാനത്ത് പലയിടത്തും ശക്തമായ മഴ തുടരുന്നു. ഇന്ന് വടക്കൻ കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് വയനാട്, കോഴിക്കോട്, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കാസർഗോഡ്, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

ഇന്നലെ ശക്തമായ മഴയിൽ തൃശൂർ, എറണാകുളം, മലപ്പുറം ജില്ലകളിലെ പലയിടത്തും വെള്ളക്കെട്ട് രൂക്ഷമായി. മലയോര പ്രദേശങ്ങളിൽ നാശനഷ്ടമുണ്ടായി. ഉരുൾപൊട്ടൽ ഉൾപ്പെടെ ദുരന്തസാധ്യതാ മേഖലകളിൽ ദുരന്തനിവാരണ

അതോറിറ്റി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സ്ഥിരമായി വെള്ളക്കെട്ട് രൂപപ്പെടുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ സാഹചര്യം വിലയിരുത്തി ക്യാമ്പുകളിലേക്ക് മാറണമെന്നും അധികൃതർ നിർദ്ദേശിച്ചു.

✪✪✪

മഴക്കെടുതി രൂക്ഷമായ കോട്ടയം ജില്ലയിൽ 30 ദുരിതാശ്വാസ ക്യാമ്പുകളിലായി 537 പേരുണ്ട്. ക്യാമ്പുകൾ ജില്ലാ കലക്ടർ വി. വിഗ്നേശ്വരി സന്ദർശിച്ചു.

✪✪✪

മധ്യവേനലവധിക്കു ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. ആദ്യമായി വിദ്യാലയങ്ങളിലെത്തുന്ന കുരുന്നുകളെയും പുതിയ ക്ലാസ്സുകളിലെത്തിയവരെയും വരവേൽക്കാൻ എല്ലാ സ്കൂളുകളിലും പ്രവേശനോത്സവം സംഘടിപ്പിക്കും. മധുരം നൽകിയും ക്ലാസ് മുറികൾ വർണാഭമാക്കിയും ആട്ടവും പാട്ടവുമായി നവാഗതരെ സ്വീകരിക്കാൻ പ്രൈമറി സ്കൂളുകൾ തയ്യാറെടുത്തു കഴിഞ്ഞു. ഒന്നര ലക്ഷത്തിലേറെ കുട്ടികൾ ഈ വർഷം ഒന്നാം ക്ലാസ്സിൽ എത്തുമെന്നാണ് പ്രാഥമിക വിലയിരുത്തൽ.

ഡെസ്ക് റിപ്പോർട്ട്........

.............വോയ്സ്...........

സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാന തല പരിപാടി നാളെ രാവിലെ എറണാകുളം എളമക്കര ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ മുഖ്യമന്ത്രി

പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിനു മുമ്പ് മന്ത്രി V. ശിവൻകുട്ടിയുടെ നേതൃത്വത്തിൽ ഒന്നാം ക്ലാസിലെത്തുന്ന കുട്ടികളെ സ്വീകരിക്കും. തുടർന്ന് പ്രവേശനോത്സവ ഗാനത്തിന്റെ ദൃശ്യാവിഷ്കാരം പ്രദർശിപ്പിക്കും. മന്ത്രി P. രാജീവ്, പ്രതിപക്ഷ നേതാവ് V.D. സതീശൻ, മറ്റ് ജനപ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ, തുടങ്ങിയവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

ഇതേസമയം തന്നെ ജില്ലാ തല പ്രവേശനോത്സവങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. മന്ത്രിമാരും മറ്റ് ജനപ്രതിനിധികളും പരിപാടിയിൽ പങ്കെടുക്കും.

ഇടവേളയ്ക്ക് ശേഷം സ്കൂളുകൾ തുറക്കുമ്പോൾ പരിസര ശുചിത്വം ഉറപ്പുവരുത്തണമെന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കിണറുകളും മറ്റ് ജല സ്രോതസ്സുകളും ക്ലോറിനേറ്റ് ചെയ്യാനും സ്കൂളുകൾക്ക് സമീപം വെള്ളക്കെട്ടുകൾ ഇല്ലെന്ന് ഉറപ്പുവരുത്തുകയും വേണം. ശൗചാലയങ്ങളും മാലിന്യ സംസ്കരണ സംവിധാനങ്ങളും ജില്ലാ ശുചിത്വ മിഷന്റെ സഹായത്തോടെ സജ്ജീകരിക്കാനും നിർദ്ദേശമുണ്ട്.

✪✪✪

കൊച്ചിയിൽ ഇടപ്പള്ളി തോടിന്റെ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. കൊച്ചി കോർപറേഷൻ അനുവദിച്ച 80 ലക്ഷം രൂപ ഉപയോഗിച്ചാണ് ജോലികൾ

ആരംഭിച്ചത്. ഓപ്പറേഷൻ വാഹിനി പദ്ധതിയുടെ ഭാഗമായി 20 ലക്ഷം രൂപയുടെ പദ്ധതിയും ഉടൻ ആരംഭിക്കും.

അടുത്തവർഷം മുതൽ ഇടപ്പള്ളി തോട് കടന്നുപോകുന്ന കൊച്ചി കോർപ്പറേഷൻ, തൃക്കാക്കര, കളമശ്ശേരി മുനിസിപ്പാലിറ്റികളുടെ സഹകരണത്തോടെ ഏകോപിത സംവിധാനം ഒരുക്കുമെന്ന് സ്ഥലം സന്ദർശിച്ച മന്ത്രി P. രാജീവ് പറഞ്ഞു.

✪✪✪

ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പ് സന്നാഹമത്സരത്തിൽ ഇന്ത്യക്ക് ജയം. ന്യൂയോർക്കിലെ നസാ കോണ്ടി സ്റ്റേഡിയത്തിൽ ബംഗ്ലാദേശിനെ 60 റൺസിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്.

ട്വന്റി-20 ക്രിക്കറ്റ് 9-ാം പതിപ്പ് മത്സരങ്ങൾക്ക് ഇന്ത്യൻ സമയം രാവിലെ ആറിന് ന്യൂയോർക്കിൽ തുടക്കമായി. ആദ്യമത്സരത്തിൽ ടോസ് നേടിയ അമേരിക്ക കാനഡയെ ബാറ്റിങ്ങിനയച്ചു. ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ കാനഡ ആറ് ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 50 റൺസെടുത്തിട്ടുണ്ട്.

✪✪✪

FIH വനിതാ ഹോക്കി പ്രോലീഗ് മത്സരത്തിൽ ഇന്ത്യയ്ക്ക് തോൽവി. ലണ്ടനിൽ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് ജർമനിയോടാണ് ഇന്ത്യൻ ടീം പരാജയപ്പെട്ടത്. ഇന്ത്യ ഇന്ന് ബ്രിട്ടനെ നേരിടും.

❂❂❂

ബാങ്കോക്കിൽ ഇന്നലെ ബോക്സിങ് ലോക യോഗ്യത ചാമ്പ്യൻഷിപ്പിൽ 57 കിലോ വനിതാ വിഭാഗത്തിൽ ഇന്ത്യയുടെ ജാസ്മിൻ ലംബോറിയ ക്വാർട്ടർ ഫൈനലിൽ കടന്നു. ക്വാർട്ടർ ഫൈനലിൽ മാലിയുടെ മറൈൻ കമാറയെ, ജാസ്മിൻ നേരിടും.

❂❂❂

ഗൾഫ് രാജ്യങ്ങളിൽ നിന്ന് പോലും ജോലി തേടി യുവാക്കൾ ഇന്ത്യയിലേക്ക് വരുന്ന കാലം അതിവിദൂരമല്ലെന്ന് BJP ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുല്ലക്കുട്ടി അഭിപ്രായപ്പെട്ടു. കോഴിക്കോട് ചെറുവണ്ണൂരിൽ ആലക്കാട് നാരായണൻ നായർസേവ ട്രസ്റ്റിന്റെ ഉന്നത വിദ്യാഭ്യാസ വിജയികളെ ആദരിക്കൽ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജോലിക്കും ഉന്നത വിദ്യാഭ്യാസത്തിനുമായി യുവാക്കൾ ഇന്ത്യയിലേക്ക് ഒഴുകുന്ന കാലം ഉണ്ടാകുമെന്നും അബ്ദുല്ലക്കുട്ടി പറഞ്ഞു.

❂❂❂

കൊട്ടിയൂർ വൈശാഖോത്സവത്തിലെ നാല് ആരാധനകളിൽ മൂന്നാമത്തേതായ രേവതി ആരാധന ഇന്ന് നടക്കും. മണിത്തറയിലെ സ്വയംഭൂവിൽ പാലമൃത് അഭിഷേകം നടത്തും.

❂❂❂

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് സ്ത്രീകൾക്ക് മാത്രമായി ഹജ്ജ് വിമാനം നാളെ ഉച്ചയ്ക്ക്

ഒന്നരയ്ക്ക് യാത്ര തിരിക്കും. നാളെ രണ്ട് വിമാനങ്ങൾ ഹജ്ജ് സർവ്വീസ് നടത്തും.

✪✪✪

കണ്ണൂർ വളപട്ടണം കളരിവാതുക്കൽ ഭഗവതി ക്ഷേത്ര ത്തിലെ പെരുങ്കളിയാട്ടം ഇന്ന് നടക്കും. ഉത്തര കേരളത്തിലെ ഈവർഷത്തെ കളിയാട്ടങ്ങൾക്ക് ഇതോടെ സമാപനമാവും. കലശം നിറക്കൽ രാവിലെ തുടങ്ങി.

✪✪✪

മലപ്പുറം ജില്ലാ പോലീസിന്റെ നേതൃത്വത്തിൽ ഉൾവനത്തിലെ ആദിവാസികൾക്കാവശ്യമായ ഫൈബർ കസേര, മേശ, ടാർപോളിൻ ഷീറ്റ്, അലുമിനിയം കുടം, പായ തുടങ്ങിയ സാധനങ്ങൾ കോളനികളിലെത്തിച്ചു. എഴുപതോളം കുടുംബങ്ങൾക്കാണ് ഇവ നൽകിയത്. യുവജനങ്ങൾക്ക് സ്പോർട്സ് കിറ്റുകളും നൽകി.

ഉൾവനത്തിലെ ആദിവാസി സങ്കേതങ്ങളായ പുലിമുണ്ട, ചേമ്പുംകൊല്ലി, മുണ്ടക്കടവ് എന്നിവിടങ്ങളിൽ കഴിയുന്നവർക്കാണ് സാധനങ്ങൾ എത്തിച്ച് കൈമാറിയത്.

✪✪✪

കണ്ണൂർ സർവകലാശാല സെനറ്റ് തിരഞ്ഞെടുപ്പിൽ SFI-യ്ക്ക് നേട്ടം. ജനറൽ കൗൺസിൽ ഓഫ് യൂണിവേഴ്സിറ്റി യൂണിയൻ മണ്ഡലത്തിൽ പത്ത് സീറ്റിൽ ആറിടത്തും SFI-ക്കാണ് വിജയം. KSU-വും MSF-ഉം രണ്ട് വീതം സീറ്റ് നേടി.

✪✪✪

കഴിഞ്ഞ ദിവസം ഹൈദരാബാദിൽ പിടിയിലായ അവയവ വിൽപ്പന കേസിലെ മുഖ്യ സൂത്രധാരൻ ബല്ലം കോണ്ട രാംപ്രസാദിനെ കൊച്ചിയിൽ എത്തിച്ച് അറസ്റ്റ് രേഖപ്പെടുത്തി.

ഹൈദരാബാദിലെ ഒരു ഹോട്ടലിൽ നിന്നാണ് കഴിഞ്ഞമാസം 30ന് ഇയാൾ പിടിയിലായത്.

✪✪✪

വാൽപ്പാറയിൽ കാട്ടാന ആക്രമണത്തിൽ യുവാവ് മരിച്ചു. പുതുക്കാട് സ്വദേശി മുകേഷ് ആണ് മരിച്ചത്. ബൈക്കിൽ യാത്ര ചെയ്യുന്നതിനിടെ ആന ആക്രമിക്കുകയായിരുന്നു.

✪✪✪

ബംഗളൂരുവിൽ നിന്ന് MDMA കടത്തുന്നതിനിടെ നഴ്സിംഗ് വിദ്യാർത്ഥിനി ഉൾപ്പെടെ രണ്ടുപേർ കൊച്ചിയിൽ പിടിയിലായി. ചങ്ങനാശ്ശേരി സ്വദേശിനി വർഷ, സുഹൃത്ത് ഏറ്റുമാനൂർ സ്വദേശി അമീർ മജീദ് എന്നിവരാണ് 480 ഗ്രാം MDMA- യുമായി പിടിയിലായത്. വാഹന പരിശോധനയ്ക്കിടെയാണ് പൊലീസ് ഇവരെ പിടികൂടിയത്. കാറിൽ ഉണ്ടായിരുന്ന മറ്റൊരാൾ ഓടി രക്ഷപ്പെട്ടു.

✪✪✪